**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5440 — 01.07.2019-ലെ മറുപടിയ്ക്ക്

## <u>കുളത്തൂരിൽ കിക്കോഫ് പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂരിൽ അനുവദിച്ച കിക്കോഫ് പദ്ധതിയിൽ കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിന് പ്രതിമാസം അനുവദിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ജി.വി.എച്ച്.എസ്.സ്കൂളിൽ നടപ്പിലാക്കുന്ന കിക്കോഫ് പദ്ധതിയിൽ ഒരാഴ്ചയിൽ രണ്ട് ദിവസമാണ് പരിശീലനം നടത്തി വരുന്നത്. പരിശീലന ദിവസങ്ങളിൽ 540/-രൂപ (20 രൂപ നിരക്കിൽ പരിശീലകർ ഉൾപ്പെടെ 27 പേർക്ക്) ലഘുഭക്ഷണം നൽകുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ സെപ്റ്റ് മുഖേന സ്കൂളുകൾക്ക് നൽകി വരുന്നുണ്ട്. പരിശീലനത്തിന് ആവശ്യമായ കായികോപകരണങ്ങളും വസ്ത്രങ്ങളും ഉൾപ്പെടെയുള്ള സാമഗ്രികൾ പദ്ധതിയുടെ ആരംഭത്തിൽ നേരിട്ട് പരിശീലന കേന്ദ്രങ്ങളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. തുക ചെലവഴിക്കുന്നതിനുള്ള അധികാരം ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാണ്. കുളത്തൂർ ജി.വി.എച്ച്.എസ് സ്കൂളിലെ പ്രധാനദ്ധ്യാപകനെയാണ് സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത സെന്ററിന്റെ സാമ്പത്തിക ഇടപാട് നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഓരോ കുട്ടിക്കും പ്രതിദിന ചെലവ് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; എത്ര കുട്ടികൾക്കാണ് തുക വിനിയോഗിക്കുന്നത് എന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**